DESPATCHED
On...04/03/2020

5/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,


തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in


## ഹർജി നമ്പർ C.P. No.207(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.2191/എസ്.ഐ.സി–ജി 5/2015)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

.ശ്രീമതി. നസിയ സഫർ
പേൾ വ്യൂ, പട നോർത്ത്,
കരുനാഗപ്പള്ളി, കൊല്ലം– 690 518 } പരാതി ഹർജിക്കാരി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &ഡെപ്യൂട്ടി രജിസ്ട്രാർ
കേരള ആരോഗ്യ സർവ്വകലാശാല,
തൃശ്ശൂർ– 680596 } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 14.12.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 07.01.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 08.02.2015 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 10.02.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 04.02.2020<br>വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്,തൃശ്ശൂർ. |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരി<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരിയായ ശ്രീമതി.നസിയ സഫർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ ആൻസർ ബുക്കിന്റെ

പകർപ്പിനും സ്കോർ ഷീറ്റിന്റെ പകർപ്പിനും ആവശ്യപ്പെട്ടിരുന്നുവെങ്കിലും സ്കോർ ഷീറ്റിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ലായെന്നും ആയത് ലഭ്യമാക്കാൻ ഉത്തരവാകണമെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്.

i. 2014 ഓഗസ്റ്റിൽ കെ.യു.എച്ച്.എസ് നടത്തിയ First Professional MBBS ഡിഗ്രി പരീക്ഷയിൽ മൊത്തം എത്ര വിദ്യാർത്ഥികൾ പരീക്ഷ എഴുതി എന്നും അതിൽ എത്രപേർ വിജയിച്ചുവെന്നും പ്രസ്തുത പരീക്ഷയിലെ വിജയ ശതമാനം എത്രയെന്നും

ii. മേൽപ്പറഞ്ഞ പരീക്ഷയിൽ രജിസ്റ്റർ നമ്പർ.120012708 ആയി ടിയാൾ എഴുതിയ പരീക്ഷയിലെ അനാട്ടമി, ഫിസിയോളജി, ബയോകെമിസ്ട്രി എന്നീ വിഷയങ്ങളിലെ ഒന്നും രണ്ടും പേപ്പറുകളുടെ ഉത്തരക്കടലാസ്സുകളുടെ പകർപ്പുകൾ നൽകണമെന്നും

iii. മേൽപ്പടി ഉത്തരക്കടലാസ്സുകളിൽ ഓരോ ചോദ്യോത്തരത്തിനും ഹർജിക്കാരിക്ക് ലഭിച്ച മാർക്കുകൾ എത്ര വീതമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ മേൽ പ്രസ്താവിച്ച മറുപടിയിൽ കെ.യു.എച്ച്.എസിലെ നിലവിലുള്ള വ്യവസ്ഥ പ്രകാരം സ്കോർ ഷീറ്റിന്റെ പകർപ്പ് നൽകാൻ നിർവ്വാഹമില്ല എന്നാണ് അറിയിച്ചത്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരി ആവശ്യപ്പെട്ട സ്കോർഷീറ്റ് ഒഴികെയുള്ള എല്ലാ വിവരങ്ങളും നൽകിയിരുന്നുവെന്നും ആ സമയം നിലവിലുണ്ടായിരുന്ന നിയമ പ്രകാരം സ്കോർഷീറ്റ് നൽകുവാൻ കഴിയുമായിരുന്നില്ലാ എന്നും പിന്നീട് 11.02.2015 ലെ ഗവേണിംഗ് കൗൺസിൽ തീരുമാന പ്രകാരം പരീക്ഷാ വിഭാഗത്തിന്റെ രഹസ്യ സ്വഭാവം നിലനിർത്തി സ്കോർ ഷീറ്റ് നൽകുവാൻ തീരുമാനമായിട്ടുണ്ടെന്നുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ എതിർകക്ഷി ബോധിപ്പിച്ചത്, രണ്ടു വർഷത്തേക്ക് മാത്രമാണ് സ്കോർ ഷീറ്റു സൂക്ഷിക്കുന്നതെന്നും ആയതിനുശേഷം നശിപ്പി

ക്കുകയാണ് ചെയ്യുന്നതെന്നും ഹർജിക്കാരി ആവശ്യപ്പെട്ട സ്കോർ ഷീറ്റു ഈ അവസരത്തിൽ ലഭ്യമല്ലെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരി ആവശ്യപ്പെട്ട സ്കോർ ഷീറ്റു സംബന്ധിച്ച വിവരം യൂണിവേഴ്സിറ്റി ആ സമയം നിലവിലുണ്ടായിരുന്ന വ്യവസ്ഥ പ്രകാരമാണ് നിരാകരിച്ചിരുന്നത് എന്നു കാണുന്നു. ആയത് വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കത്തക്കതല്ല. ഹർജിക്കാരി ആവശ്യപ്പെട്ട മേൽപ്പടി വിവരം വിവരാവകാശ നിയമത്തിലെ 8-ാം വകുപ്പിലോ, 9-ാം വകുപ്പിലോ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾ പ്രകാരം മാത്രമാണ് നിരസിക്കുവാൻ കഴിയുന്നത്. വിവരാവകാശ നിയമം നിലവിൽ വന്നതിനുശേഷം മറ്റേതെങ്കിലും നിയമത്തിലോ, ഉത്തരവിലോ പുറപ്പെടുവിച്ചിട്ടുള്ള വ്യവസ്ഥകളെ വിവരാവകാശ നിയമം മറികടക്കുന്നതാണ്. ഇക്കാര്യം വിവരാവകാശ നിയമത്തിലെ 22-ാം വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ പരാമർശിത കാലയളവിലെ എതിർകക്ഷി ഹർജിക്കാരിയുടെ അപേക്ഷയിൽ എടുത്ത മേൽപ്പടി തീരുമാനം വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കത്തക്കതായിരുന്നില്ലെന്ന് കമ്മീഷൻ വിലയിരുത്തുന്നു. എന്നാൽ പിന്നീട് യൂണിവേഴ്സിറ്റി ഗവേണിംഗ് കൗൺസിൽ വിവരാവകാശ നിയമത്തിന് അനുസൃതമായ തീരുമാനം എടുത്തിട്ടുള്ളതായി കാണുന്നു. കമ്മീഷൻ മുമ്പാകെ ഹർജിക്കാരി പരാതി ഹർജി സമർപ്പിച്ചിരുന്ന സാഹചര്യത്തിൽ ടിയാളുടെ സ്കോർഷീറ്റിന്റെ പകർപ്പ് നിർബന്ധമായും എതിർകക്ഷി കാര്യാലയം സൂക്ഷിച്ചുവയ്ക്കേണ്ടതായിരുന്നു. ആയത് ഈ അവസരത്തിൽ നശിപ്പിക്കപ്പെട്ടിട്ടുള്ളതാണ് എന്ന എതിർകക്ഷിയുടെ വാദം വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കത്തക്കതല്ല. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20 (1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ സംഭവിച്ച വീഴ്ച സംബന്ധിച്ചും എതിർകക്ഷി നൽകിയ മറുപടിയിൽ അന്നത്തെ SPIO യുടെ പേരും ഒന്നാം അപ്പീൽ അധികാരിയുടെ അഡ്രസ്സും അപ്പീൽ കാലാവധി സംബന്ധിച്ച വിവരവും നൽകാത്തതു സംബന്ധിച്ചും പരാമർശിത കാലയളവിലെ SPIO കമ്മീഷൻ മുമ്പാകെ ടിയാന്റെ വിശദീകരണം ഈ ഉത്തരവു കൈപ്പറ്റി 15 ദിവസങ്ങൾക്കുള്ളിൽ ഹാജരാക്കേണ്ടതാണ്. ഇക്കാര്യത്തിൽ നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിക്ക്

ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 5–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്

**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

suja

RIGHT TO INFORMATION